(ബി) കേരള വാട്ടർ അതോറിറ്റിയും പ്ലാനിംഗ് ബോർഡും തമ്മിൽ എന്തെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വാട്ടർ അതോറിറ്റിയുടെ ഏതൊക്കെ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേരളാ വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും പദ്ധതികൾ സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകാനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരളാ വാട്ടർ അതോറിറ്റിയും പ്ലാനിംഗ് ബോർഡും തമ്മിൽ ധാരണാപത്രം ഒന്നും ഒപ്പുവെച്ചിട്ടില്ല.

(സി) വാട്ടർ അതോറിറ്റിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

വാട്ടർ അതോറിറ്റി മുഖേനയുള്ള ശുദ്ധജലവിതരണത്തിന്റെ ഉല്പാദനച്ചെലവ്

57 [214] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലിറ്റർ ശുദ്ധജലം ഉല്പാദിപ്പിക്കുവാൻ വാട്ടർ അതോറിറ്റിക്ക് എന്ത് തുക ചെലവുവരും എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഘടകങ്ങൾക്കു വേണ്ടിയാണ് പ്രസ്തുത തുക ചെലവിടുന്നത്;

(സി) ഇതിൽ ഓരോ ഘടകത്തിനും വേണ്ടിവരുന്ന ചെലവ് എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു ലിറ്റർ വെള്ളം എന്ത് വിലയ്ക്കാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത്;

(ഇ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉല്പാദന ചെലവ് കിലോ ലിറ്ററിന് 8 രൂപ 16 പൈസയായി കണക്കാക്കിയിരിക്കുന്നു.

(ബി) ഉല്പാദന ചെലവ് കണക്കാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങളാണ് കണക്കിലെടുത്തിട്ടുള്ളത്.

നേരിട്ടുള്ള ചെലവുകൾ

ഓപ്പറേറ്റർമാരുടെ വേതനം, കറന്റ് ചാർജ്ജ്, വെള്ളം ശുദ്ധീകരിക്കുന്നതിനാവശ്യമായ രാസപദാർത്ഥങ്ങളുടെ വില എന്നിവ. ഇവ കാലാകാലങ്ങളിൽ വ്യതിയാനം വരുന്ന ചെലവുകളാണ്.

നേരിട്ടല്ലാതെയുള്ള അധിക ചെലവുകൾ

പരിപാലന ചെലവുകളും കേടുപാടുകൾ തീർക്കുവാനുള്ള ചെലവുകളും, ഔദ്യോഗിക നിർവ്വഹണത്തിനു വേണ്ടിവരുന്ന ചെലവുകൾ, പലിശയിനത്തിൽ വരുന്ന ചെലവുകൾ, തേയ്മാനയിനത്തിൽ വരുന്ന ചെലവുകൾ.

(സി) ഓരോ ഘടകത്തിനും വേണ്ടി വരുന്ന ചെലവ് താഴെപ്പറയുന്നവയാണ്.

	ഘടകങ്ങൾ	ആയിരം ലിറ്റർ വെള്ളത്തിന് വരുന്ന ചെലവ്
1.	ഓപ്പറേറ്റർമാരുടെ വേതനം	1.11 രൂപ
2.	കറന്റ് ചാർജ്ജ്	1.98 രൂപ
3.	വെള്ളം ശുദ്ധീകരിക്കുന്നതിനാവശ്യമായ രാസപദാർത്ഥങ്ങളുടെ വില	0.28 രൂപ
4.	പരിപാലന ചെലവുകളും കേടുപാടുകൾ തീർക്കുവാനുള്ള ചെലവുകളും	0.52 രൂപ
5.	ഔദ്യോഗിക നിർവ്വഹണത്തിനുവേണ്ടി വരുന്ന ചെലവുകൾ	0.89 രൂപ
6.	പലിശയിനത്തിലും തേയ്മാനയിനത്തിലും വരുന്ന ചെലവുകൾ	3.39 രൂപ
	ആകെ	8.16 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1-4-99 മുതൽ ജി. ഒ. (എം.എസ്.)20/99/ഇറി.വ.തീയതി 23-3-99 സർക്കാർ ഉത്തരവു പ്രകാരമുള്ള നിരക്കുകളാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരളാ വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

ഭൂഗർഭജലത്തിന് പെപ്സി, കൊക്കകോള കമ്പനികളിൽ നിന്നും ഈടാക്കുന്ന റോയൽറ്റി

58 [215] ശ്രീ. ലൂഡി ലൂയിസ് :

,, എം. മുരളി :

,, ഇ. എം. അഗസ്തി :

,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും കഞ്ചിക്കോടു ഭാഗത്ത് പെപ്സി കമ്പനിയും എടുക്കുന്ന ഭൂഗർഭ ജലത്തിനു എന്ത് റോയൽറ്റി ലഭിക്കുന്നുണ്ട്;

(ബി) റോയൽറ്റിയിനത്തിലല്ലാതെ വെള്ളമെടുക്കുന്നതിന്റെ പേരിൽ മറ്റെന്തെങ്കിലും ഇനത്തിൽ അവരിൽ നിന്ന് തുക ഈടാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(സി) പ്രതിദിനം എത്ര വെള്ളം വീതമെടുക്കുന്നതിനാണ് ഇത്രയും തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന് റോയൽറ്റി ലഭിക്കുന്നില്ല.

(ബി) റോയൽറ്റി ഇനത്തിലും വെള്ളമെടുക്കുന്നതിന്റെ പേരിലും മറ്റെന്തെങ്കിലും ഇനത്തിൽ ഇവരിൽ നിന്നും വകുപ്പ് തുക ഈടാക്കുന്നില്ല.

(സി) ഭൂജലവകുപ്പ് തുക ഈടാക്കുന്നില്ല.

കുടിവെള്ളം കുപ്പികളിലാക്കി വില്കാൻ പദ്ധതി

59 [216] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, കെ. കെ. ജയചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly